**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 97** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>പിആർഡി വർക്കുകളുടെ പുറംകരാറുകളും പിആർഡിയിലെ ജീവനക്കാരുടെ അഭാവവും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. രമേശ് ചെന്നിത്തല ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സർക്കാരിന്റെ വിവിധ പദ്ധതികളുടേയും ജനസമ്പർക്ക പ്രവർത്തനങ്ങളുടേയും ഭാഗമായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി, പിആർഡിക്കു പുറമേയുള്ള ഏതെല്ലാം പബ്ലിക് റിലേഷൻ/ഇവന്റ് മാനേജ്മെൻറ്/പരസ്യ സ്ഥാപനങ്ങൾക്കാണ് കരാറുകൾ നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഏതെല്ലാം സർക്കാർ പദ്ധതികളുടെ പ്രചാരണത്തിനായിരുന്നു ഈ കരാറുകൾ നൽകിയിരുന്നതെന്നും എത്ര രൂപയാണ് ഇതിനായി ഓരോ സ്ഥാപനത്തിനും നൽകിയിട്ടുള്ളതെന്നും അറിയിക്കാമോ;

**<u>മറുപടി:</u>** ഹോർഡിംഗുകളിൽ പരസ്യം നിർവഹിക്കുന്നതിന് ഇ-ടെന്റർ മുഖേന ഏജൻസികളെ എംപാനൽ ചെയ്യുകയും സർക്കാരിന്റെ പരിപാടികളുടെ പരസ്യം നിർവഹിക്കുന്നതിന് അനുമതി നൽകുകയും, സർക്കാർ പരസ്യങ്ങൾ തീയേറ്ററുകളിൽ പ്രദർശിപ്പിക്കുന്നതിന് സ.ഉ. (അച്ചടി) നമ്പർ 9/2021/ഐ&പിആർഡി പ്രകാരം തീയേറ്റർ ഏജൻസികളെയും, സർക്കാരിന്റെ വിവിധ ക്യാമ്പൈനുകളുമായി ബന്ധപ്പെട്ട് ക്രിയേറ്റിവുകൾ നിർമ്മിക്കുന്നതിന് സ.ഉ.(കൈ) നമ്പർ 4/2024/ ഐ&പിആർഡി പ്രകാരം ക്രിയേറ്റീവ് ഏജൻസികളെയും വകുപ്പിൽ എംപാനൽ ചെയ്തിട്ടുമുണ്ട്. മറ്റ് പബ്ലിക് റിലേഷൻ/ ഇവെന്റ് മാനേജ്മെന്റ് സ്ഥാപനങ്ങൾക്ക് വകുപ്പിൽ നിന്ന് ചുമതല നല്കിയിട്ടില്ല.

**(ബി)** അഞ്ചുവർഷം കൊണ്ട് റീലുകൾ/സോഷ്യൽ മീഡിയ കണ്ടന്റ് ക്രീയേഷൻ എന്നിവക്കായി സർക്കാർ ജീവനക്കാരല്ലാത്ത സ്വകാര്യ വ്യക്തികൾക്കും, സ്വകാര്യ സ്ഥാപനങ്ങൾക്കും, സംഘടനകൾക്കും, എത്ര രൂപയാണ് നൽകിയിട്ടുള്ളതെന്നും പ്രസ്തുത സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേര്, വിലാസം, നൽകിയ തുക, പദ്ധതി/പരിപാടി എന്നിവയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങളും നൽകാമോ;

**<u>മറുപടി:</u>** പ്രോഗ്രാം പ്രൊഡക്ഷൻ വിഭാഗത്തിൽ നിന്ന് റീലുകൾ, സോഷ്യൽ മീഡിയ കണ്ടന്റുകൾ എന്നിവ സർക്കാർ ജീവനക്കാരല്ലാത്ത സ്വകാര്യ വ്യക്തികളോ, സ്വകാര്യ സ്ഥാപനങ്ങളോ, സംഘടനകളോ നിർമ്മിച്ചിട്ടില്ല. 2021 വർഷത്തിൽ കൊറോണ വ്യാജ വാർത്തക്കെതിരായ ക്യാമ്പെയിൻ വീഡിയോ, ക്രിയേറ്റിവ് പോസ്റ്റർ എന്നിവയ്ക്ക് മെ. ഗ്ലോബൽ ഇന്നവേറ്റീവ് ടെക്നോളജീസിന് (മീനാക്ഷി ടവർ, മാങ്കാവ് പി ഒ, കോഴിക്കോട്) 9,38,910/- രൂപയും , സോഷ്യൽ മീഡിയ ക്യാമ്പയിൻ ആവിഷ്കരണത്തിന് സി-ഡിറ്റ് (ചിത്രാഞ്ജലി, തിരുവല്ലം, തിരുവനന്തപുരം 695027 ) മുഖേന 14,00,829/- രൂപയും, മെ.ഗ്ലോബൽ ഇന്നവേറ്റിവ് ടെക്നോളജീസ് മുഖേന സോഷ്യൽ മീഡിയ ക്യാമ്പയിൻ ആവിഷ്കരണത്തിന് 38,09,536/- രൂപയും മെ.മൂവിംഗ് ക്രാഫ്റ്റ് ക്രിയേറ്റിവ്

സ്റ്റുഡിയോ (ജി.പി.കെ, കരകുളം, തിരുവനന്തപുരം, 695 027) മുഖേന സോഷ്യൽ മീഡിയ ക്യാമ്പയിൻ ആവിഷ്കരണത്തിന് 6,21,900/- രൂപയും, മെ. മൈത്രി അഡ്വർടൈസിംഗ് വർക്സ് പ്രൈവറ്റ് ലിമിറ്റഡ് (ഫസ്റ്റ് ഫ്ലോർ, കാമ്പയിൻ സെന്റർ, കെ.പി വെല്ലാൻ റോഡ്, കടവന്ത്ര, കൊച്ചി 682 020) മുഖേന സോഷ്യൽ മീഡിയ ക്യാമ്പയിൻ ആവിഷ്കരണത്തിന് 25,500/- രൂപയും കൊറോണ ബോധവത്കരണ പ്രചാരണം - ആവിഷ്കാര നിർമ്മാണത്തിനായി മെ.ഗ്ലോബൽ ഇന്നവേറ്റിവ് ടെക്നോളജീസിന് 8,34,190/- രൂപയും, കോവിഡ് 19 ക്രീയേറ്റിവ് നിർമ്മാണത്തിനായി മെ. മൈത്രി അഡ്വർടൈസിംഗ് വർക്സ് പ്രൈവറ്റ് ലിമിറ്റഡിനു 27,370/- രൂപയും, കോവിഡ് 19 ക്രിയേറ്റിവ് നിർമ്മാണത്തിനായി മെ. ഗ്ലോബൽ ഇന്നവേറ്റീവ് ടെക്നോളജിസിന് 23,800/-രൂപയും ചെലവാക്കിയിട്ടുണ്ട്. 2022 വർഷത്തിൽ റവന്യ ദിന കാമ്പയിൻ പ്രചാരണത്തിന് മെ. മൂവിംഗ് ക്രാഫ്റ്റ് ക്രിയേറ്റീവ് ഏജൻസി മുഖേന 1,70,000/- രൂപയും ചെലവഴിച്ച് ക്രിയേറ്റിവുകൾ തയാറാക്കിയിട്ടുണ്ട്. 2023 വർഷത്തിൽ മെ. കൺസപ്റ്റ് കമ്യൂണിക്കേഷൻ (ഗ്രൗണ്ട് ഫ്ലോർ, എസ്-208, ഡോ.പൈ റോഡ്, പൂജപ്പുര പി.ഒ, തിരുവനന്തപുരം 695 012) മുഖേന 'ക്ഷേമകേരളം, എന്റെ പുതിയ കേരളം' കാമ്പയിനായി 5,17,312/- രൂപയും, അറിയപ്പെടാത്ത കേരളം - ക്യാമ്പെയിൻ ക്രിയേറ്റീവ് നിർമ്മാണത്തിന് 3,40,312/- രൂപയും ചെലവാക്കിയിട്ടുണ്ട്. 2024 വർഷത്തിൽ സോഷ്യൽ മീഡിയ പ്രചാര ണത്തിനായി മെ. മൈത്രി അഡ്വർടൈസിംഗ് വർക്സ് പ്രൈവറ്റ് ലിമിറ്റഡിന് 10,00,000/- രൂപയും, മെ. കൺസപ്റ്റ് കമ്യൂണിക്കേഷൻ മുഖേന ഡിജിറ്റൽ മീഡിയ ലിറ്ററസി ക്യാമ്പയിൻ ക്രിയേറ്റീവ് നിർമാണത്തിന് 7,23,010/- രൂപ ചെലവാക്കിയിട്ടുണ്ട്.

**(സി)** ഇത്തരം സ്വകാര്യ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനായി പിആർഡി അനുവർത്തിച്ച മാനദണ്ഡം എന്താണെന്നും സ്ഥാപനങ്ങൾക്ക് നിഷ്കർഷിട്ടുള്ള യോഗ്യത സംബന്ധിച്ച കാര്യങ്ങളും അറിയിക്കാമോ;

**<u>മറുപടി:</u>** വകുപ്പ് എംപാനൽ ചെയ്ത ഏജൻസികളെയാണ് തെരഞ്ഞെടുക്കുന്നത്.

**(ഡി)** ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻ വകുപ്പിലെ ജീവനക്കാരുടെ പൊതുവെയുള്ള എണ്ണക്കുറവ് നികത്താൻ അധിക തസ്തികകൾ സൃഷ്ടിക്കണമെന്ന പിആർഡിയുടെ അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; നിലവിൽ പ്രിസം പാനലിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ 8 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. വകുപ്പിലെ പ്രിസം പാനലിൽ നിലവിൽ 106 പേർ ജോലി ചെയ്യുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**